**കേരള കാർഷിക സർവ്വകലാശാല**
**മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാട്**

നമ്പർ. ഇ.45/2021 തീയതി:.18.01.2021

## ടെൻഡർ നോട്ടീസ്

ഈ കേന്ദ്രത്തിൽ MIDH – NHM പദ്ധതിയുടെയും, കേരള കാർഷിക സർവ്വകലാശാലയുടെ ആന്തരിക വിഭവ സമാഹരണം പദ്ധതിയുടെയും ഭാഗമായി ഗുണമേന്മയുള്ള കുരുമുളക് തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുകയാണ്. ഇതിന്റെ ഭാഗമായി (പന്നിയൂർ–1, പന്നിയൂർ–2, പന്നിയൂർ–3, പന്നിയൂർ–4, പന്നിയൂർ–5, പന്നിയൂർ–6, പന്നിയൂർ–7, പന്നി യൂർ–8, പന്നിയൂർ–9, മറ്റ് IISR ഇനത്തിലുള്ള ഗുണമേന്മയുള്ള കുരുമുളക് വള്ളികൾ, പ്രാദേശിക ഇനം കുരുമുളക് വള്ളികൾ എന്നിവ വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള SHG/ കുരുമുളക് കർഷകരിൽ നിന്നും ടെൻഡറുകൾ ക്ഷണി ച്ചുക്കൊള്ളുന്നു.

നിബന്ധനകൾ

1. **അസോസിയേറ്റ് ഡയറക്ടർ**, **RARS**, **അമ്പലവയൽ** എന്ന വിലാസത്തിൽ **03.02.2021 ന് 11.00** മണിക്ക് മുമ്പ് ടെൻഡറുകൾ എത്തിക്കേണ്ടതാണ്. **12.00** മണിക്ക് ടെൻഡറുകൾ തുറക്കുന്നതാണ്.
2. ടെൻഡറുകൾ അടക്കം ചെയ്ത, സീലുവച്ച കവറിനുപുറത്ത് '**കുരുമുളക് വള്ളി വിതരണം ചെയ്യുന്നതിനുള്ള ടെൻഡർ** ' എന്ന് എഴുതി ടെൻഡർ സമർപ്പിക്കേണ്ടതാണ്.
3. **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാടിന്റെ പേരിൽ SBI കൊളഗപ്പാറ** ബ്രാഞ്ചിൽ മാറാൻ കഴിയുന്ന ഡ്രാഫ്റ്റുകളാവണം അയയ്ക്കേണ്ടത്. ടെൻഡർ വിലയ്ക്കും, നിരതദ്രവ്യത്തിനും പ്രത്യേകം പ്രത്യേകം ഡ്രാഫ്റ്റുകൾ നൽകണം. കൂടാതെ സപ്ലൈ ഓർഡറിന്റെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായും നൽകേണ്ടതാണ് നിരതദ്രവ്യം സമർപ്പിക്കാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
4. കെ.എ.യു.വെബ്സൈറ്റിൽ നിന്നു മെടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം. ടെൻഡറിനോടൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് സമർപ്പിച്ചിരിക്കേണ്ടതാണ്. നിരതദ്രവ്യം – **Rs.5000/-, ടെൻഡർ വില Rs. 1000 /- , + (18% GST- Rs. 180/-)**
5. ടെൻഡർ സമർപ്പിക്കുന്നവർ മേൽവിലാസം അടങ്ങിയ തിരിച്ചറിയൽ സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.
6. ഒരു മീറ്റർ കുരുമുളക് വള്ളിയുടെ വിലയാണ് ടെൻഡറിൽ കാണിക്കേണ്ടത്.
7. നടീൽ വസ്തു ഉള്ള കുരുമുളക് തോട്ടം ഫാമിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥർ സന്ദർശിച്ച് ബോധ്യപ്പെട്ടതിനു ശേഷം ഗുണനിലവാരം ഉണ്ടെങ്കിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ.
8. ഫാമിലെ ഉദ്യോഗസ്ഥരുടെ നേരിട്ടുള്ളമേൽ നോട്ടത്തിൽ അവർ നിർദ്ദേശിക്കുന്ന കുരുമുളക് ചെടിയുടെ നടീൽ വസ്തു സ്വന്തം നിലയ്ക്ക് തൊഴിലാളികളെ നിർത്തി മുറിച്ച് RARS ൽ എത്തിച്ചു തരേണ്ടതാണ്. ഫാമിൽ എത്തിക്കുന്ന കുരുമുളക് വള്ളിയ്ക്ക് ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമായിരിക്കും പണം നൽകുന്നത്.
9. ടെൻഡർ ലഭിക്കുന്നവരിൽ നിന്നും നിയമാനുസൃതമായ ആദായ നികുതി ഈടാക്കുന്നതിന്, അവർ നിർബന്ധമായും ഇൻവോയിസിനോടൊപ്പം പാൻ കാർഡിന്റെ കോപ്പിയും ഹാജരാക്കേണ്ടതാണ്.
10. ടെൻഡർ സമർപ്പിച്ചവർക്ക് ഒരിക്കൽകൂടി അവസരം ലഭിക്കുന്നതിനായി അപ്പോൾ ഹാജരുള്ള ദർഘാസുകാരെ മാത്രം ഉൾപ്പെടുത്തി അന്നേ ദിവസം മേൽ വിവരിച്ച സമയങ്ങളിൽ ആവശ്യമെങ്കിൽ ലേലവും നടത്തുന്നതാണ്. ടെൻഡറുകൾ ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ടെൻഡർ തുകയോ ലേല തുകയോ ഏതാണ് കുറവ് എന്ന് നോക്കി ആയത് തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതുമാണ്.
11. ടെൻഡർ പ്രാബല്യത്തിലിരിക്കുന്ന കാലയളവ് ഒരു വർഷമായിരിക്കും.
12. യാതൊരു കാരണവും കാണിക്കാതെ ലേലം/ ടെൻഡറുകൾ അസ്ഥിരപ്പെടുത്തുന്നതിനും, നിർത്തിവയ്ക്കുന്നതിനും സ്റ്റേഷൻ മേധാവിക്കുള്ള അധികാരം യാതൊരു കാരണവശാലും ചോദ്യം ചെയ്യാൻ പാടില്ലാത്തതാകുന്നു
13. ഏതെങ്കിലും കാരണവശാൽ ലേല തീയതി അവധി ദിവസമായി വരുന്നപക്ഷം അതിനടുത്ത പ്രവൃത്തി ദിവസം ലേലം/ടെൻഡർ നടത്തുന്നതായിരിക്കും.
14. സർക്കാർ ടെൻഡറുകൾ/ലേലത്തിലെ എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്. എല്ലാ കരാർ വ്യവസ്ഥകളും പാലിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
15. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്. (ഫോൺ 0493-264561, 04936-260421)

**(ഒപ്പ്)**
**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

നോട്ടീസ് ബോർഡ്
പകർപ്പ് : വിതരണത്തിന്/ ഫാം മാനേജർ/പഞ്ചായത്ത് ഓഫീസ്/കൃഷി ഭവൻ/വില്ലേജ് ഓഫീസ്/കെ.വി.കെ
നോട്ടീസ്